**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2839.** 17.06.2019 **ൽ മറുപടിയ്ക്ക്**

**കൂടുതൽ എക്സൈസ് റെയിഞ്ച് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ**<br>**,, എം. വിൻസെന്റ്**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, പി.ടി. തോമസ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ലഹരിയുടെ ഉപയോഗം ദിനം പ്രതി വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ മദ്യവർജ്ജന പ്രവർത്തനങ്ങളിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കോഴിക്കോട് ജില്ലയിൽ കിനാലൂരിൽ നിംഹാൻസ് മാതൃകയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ബി) | കോഴിക്കോട് ജില്ലയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നു. |
| (സി) | വിമുക്തി മിഷന്റെ ലഹരിവർജ്ജന ബോധവൽക്കരണ പരിപാടികൾ സമൂഹത്തിൽ ലഹരിക്കെതിരെയുള്ള അവബോധം സൃഷ്ടിക്കുന്നതിന് സാധിക്കുന്നില്ലെന്ന് ആക്ഷേപമുള്ള സാഹചര്യത്തിൽ ഇതിനായി മുടക്കുന്ന തുക കൂടുതൽ എക്സൈസ് റെയിഞ്ച് ഓഫീസുകൾ തുറക്കുന്നതിനും സിവിൽ എക്സൈസ് ഓഫീസർമാരെ നിയമിക്കുന്നതിനും വിനിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) | സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ ആഭിമുഖ്യത്തിൽ ലഹരി വർജ്ജന ബോധവത്കരണ പരിപാടികൾ മെച്ചപ്പെട്ട തരത്തിൽ സംഘടിപ്പിച്ച് വരികയാണ്. ഇത്തരം പ്രവർത്തനങ്ങൾക്കൊപ്പം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും തിരഞ്ഞെടുത്ത സർക്കാർ ആശുപത്രികളിൽ ഡീ-അഡിക്ഷൻ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ജോലികളോടൊപ്പം വിമുക്തി മിഷന്റെ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള ചുമതല എക്സൈസ് വകുപ്പിനാണ്. ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | എക്സൈസ് വകുപ്പിൽ ഈ സർക്കാർ ഇതിനകം തന്നെ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ കുറെ മാസങ്ങളായി പിടിച്ചെടുക്കുന്ന കഞ്ചാവിന്റെയും ലഹരി വസ്തുക്കളുടെയും അളവ് സംസ്ഥാനത്ത് ഇത്തരം ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണത്തിലുണ്ടായിട്ടുള്ള ഭീതിജനകമായ വർദ്ധനവിനെയാണ് കാണിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിനാൽ കഞ്ചാവും, ലഹരി വസ്തുക്കളും കണ്ടെടുത്ത കേസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**